## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3216 — 15.02.2013-ലെ മറുപടിക്ക്

### റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തന മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ ; | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രധാന പ്രവർത്തന മേഖല എവിടെയാണ് ; | (എ). കേരള നിയമസഭയുടെ കേരളാ റോഡ് ഫണ്ട് ആക്റ്റ് 2001, പ്രകാരം രൂപീകൃതമായ ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡാണ് കേരളാ റോഡ് ഫണ്ട് ബോർഡ്. കേരളത്തിലെ ഗതാഗത രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി നിക്ഷേപ സമാഹരണം നടത്തുക, ആ ഫണ്ടിന്റെ വിനിയോഗത്തിന് മേൽനോട്ടം വഹിക്കുക എന്നിവയാണ് കേരളാ റോഡ് ഫണ്ട് ബോർഡിന്റെ മുഖ്യ ദൗത്യം. തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയാണ് ഇപ്പോൾ കേരളാ റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതി. |
| (ബി). കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടോ ; | (ബി). ഉണ്ട്. |
| (സി) പ്രധാന നഗരങ്ങളെക്കൂടാതെ മറ്റ് ജില്ലകളിലേക്ക് കൂടി ബോർഡിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ ? | (സി). മേൽപ്പറഞ്ഞ നഗര റോഡു വികസന പദ്ധതികൾ കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ബോർഡ് ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ